(സി—ഇ) 18-6-2004-ൽ ലിസ്റ്റ് അയച്ചു കൊടുത്തിട്ടുണ്ട്.

(എഫ്) 'ഹോംകോ' എന്ന സ്ഥാപനം കേരളത്തിൽ ഒന്നു മാത്രമേ ഉള്ളൂ എന്നതിനാൽ അവിടെയുണ്ടാവുന്ന ഒഴിവുകൾ സംസ്ഥാനത്തെ പി ആന്റ് ഇ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേയ്ക്കും സർക്കുലേറ്റ് ചെയ്ത് ലിസ്റ്റ് ശേഖരിച്ചു മാത്രമേ ഉദ്യോഗദായകന് ലിസ്റ്റ് നൽകാൻ സാധിക്കുകയുള്ളൂ. ഈ പ്രക്രിയമൂലം കുറച്ചു കാലതാമസമുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) ലിസ്റ്റ് നൽകുന്നതിൽ കാലതാമസമുണ്ടോയെന്ന് പരിശോധിക്കുന്നതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

80 [534] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് പറയാമോ;

(ബി) വിവിധ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലുണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ താൽക്കാലിക നിയമനങ്ങൾ നിർബന്ധമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി മാത്രം നടത്താവൂ എന്ന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-4-2004 വരെ 35076 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

81 [535] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേർക്ക് നിയമനം നൽകി; വർഷം തിരിച്ച് വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly